കോഴിക്കോട് ജില്ലയിലെ ആശുപത്രികളുടെ ശോചനീയ സ്ഥിതി

935 [1477] ശ്രീ. പാണാറത്ത് കുഞ്ഞിമുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലാ ആശുപത്രിയുടെയും സ്ത്രീകൾക്കും കുട്ടികൾക്കും ഉള്ള ആശുപത്രിയുടെയും ശോചനീയ സ്ഥിതി ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ ആശുപത്രിയുടെ നിലവാരം ഉയർത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു?

ഉത്തരം

(എ) മേൽ പറഞ്ഞ ആശുപത്രികളുടെ സ്ഥിതി ശോചനീയമാണെന്ന് ഗവൺമെൻറ് കരുതുന്നില്ല. പക്ഷെ ഈ സ്ഥാപനങ്ങളിലെ കെട്ടിടങ്ങൾ മുഴുവൻ ഉപയോഗിക്കാൻ കഴിയാത്ത ഒരു സാഹചര്യം ഗവൺമെൻറിന്റെ ദൃഷ്ടിയിൽപ്പെട്ടിട്ടുണ്ട്.

(ബി) സാമ്പത്തിക പരാധീനതകൾ കാരണം കാര്യമായ നടപടികൾ ഒന്നും എടുത്തിട്ടില്ല.

മെഡിക്കൽ ആഫീസറെപ്പറ്റി പരാതി

936 [1478] ശ്രീ. പി.പി.വി. മൂസ്സ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 10.7.1978-ന് ചാത്തന്നൂർ ഇ.എസ്.ഐ. ആശുപത്രിയിലെ മെഡിക്കൽ ആഫീസർ സുരരാജമണി എന്നൊരാളെക്കുറിച്ച് അവിടത്തെ സ്റ്റാഫിൽ നിന്നു വല്ല പരാതിയും ലഭിച്ചിരുന്നോ;

(ബി) എങ്കിൽ ആ പരാതി സംബന്ധിച്ച് കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണ്;

(സി) ഈ ഡോക്ടർ നിയമാനുസൃതമായ ലീവ് എടുത്താണോ ഉപരിപഠനത്തിനു പോയത്;

(ഡി) ഈ ഡോക്ടർക്കു പകരമായി അവിടെ ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ?

ഉത്തരം

(എ) 10.7.1978-ൽ ചാത്തന്നൂർ ഇ.എസ്.ഐ. ഡിസ്പെൻസറിയിലെ അഡീഷണൽ ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസറായിരുന്ന ഡോ. സുരരാജമണി വ്യക്തി വൈരാഗ്യം തീർക്കുവാൻ, സഹപാഠിയും ചാത്തന്നൂരിലെ സബ് ഇൻസ്പെക്ടറുമായിരുന്ന ശ്രീ. സുഗതനെക്കൊണ്ട് കള്ളക്കേസ്സുണ്ടാക്കിച്ച് തന്നെ മർദ്ദിച്ചവശനാക്കി എന്ന് ചാത്തന്നൂർ ഇ.എസ്.ഐ. ഡിസ്പെൻസറിയിലെ ഫാർമസിസ്റ്റായിരുന്ന ശ്രീ. എൻ.വി. ഹമീദിൽ നിന്നും 17.7.1978-ൽ പരാതി ലഭിച്ചിട്ടുണ്ട്.

(ബി) പോലീസ് ഈ സംഭവത്തെക്കുറിച്ച് കേസെടുത്തിട്ടുണ്ട്. കൂടാതെ ശ്രീ. ഹമീദ് വ്യക്തിപരമായും ഒരു കേസ് ഫയൽ ചെയ്തിട്ടുണ്ട്. ഈ കേസിന്റെ തീരുമാനത്തിനുശേഷം ഡിപ്പാർട്ടുമെൻറിൽ നിന്നും കൂടുതൽ നടപടികൾ ആവശ്യമുണ്ടെങ്കിൽ കൈക്കൊള്ളുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly